VIII. ഫണ്ട്

അംഗത്വ ഫീ, സംഭാവനകൾ, ഇതര സ്ഥാപനങ്ങളിൽ നിന്നും സംഘടനകളിൽ നിന്നും വ്യക്തികളിൽ നിന്നും ലഭിക്കുന്ന ധനസഹായം, ഗവൺമെന്റ് അനുവദിക്കുന്ന ഫണ്ട് എന്നീ മാർഗ്ഗങ്ങളിലൂടെ ലഭിക്കുന്നതാണ് ക്ലബ്ബിന്റെ ഫണ്ട്.

(സി) മോട്ടോർ വാഹന വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം ശക്തിപ്പെടുത്തുന്നതിനായി സ്പീഡ് റഡാറുകളും റഡാർ സർവേയ്ലൻസ് സംവിധാനങ്ങളും സ്ഥാപിക്കുവാൻ തീരുമാനിക്കുകയും ആയതിലേയ്ക്കായി സംസ്ഥാന ബഡ്ജറ്റിൽ തുക വകയിരുത്തുകയും ചെയ്തിട്ടുണ്ട്. ഗതാഗത വകുപ്പിലെ എൻഫോഴ്സ്മെന്റ് ഓട്ടോമേഷൻ പദ്ധതിയോടൊപ്പം റഡാർ സർവേയ്ലൻസ് സംവിധാനവും കൂട്ടിച്ചേർത്ത് ഒരൊറ്റ പദ്ധതിയായി നടപ്പിലാക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത്. സംസ്ഥാനത്തെ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ ജില്ലകളിലെ തിരഞ്ഞെടുത്ത 15 സ്ഥലങ്ങളിലാണ് പ്രസ്തുത സംവിധാനം സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുള്ളത്. പ്രസ്തുത പദ്ധതി നടപ്പിലാക്കുവാനായി കേരള സ്റ്റേറ്റ് ഐ. ടി. മിഷനെയാണ് ചുമതല പ്പെടുത്തിയിട്ടുള്ളത്. ഈ സ്ഥാപനം പദ്ധതി നടത്തിപ്പിനായി അനുയോജ്യമായ ഒരു സേവനദാതാവിനെ തിരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതേയുള്ളൂ. രണ്ടു ഘട്ടങ്ങളായാണ് പദ്ധതി നടപ്പിലാക്കുവാൻ തീരുമാനിച്ചിരിക്കുന്നത്. സേവനദാതാവുമായി കരാർ ഒപ്പിട്ട് 3 മാസത്തിനകം ആദ്യഘട്ടം പൂർത്തിയാക്കുന്നതാണ്. അതിനുശേഷം ഒരു മാസത്തെ നിരീക്ഷണത്തിനു ശേഷം അടുത്ത ഘട്ടത്തിനുള്ള അനുമതി നൽകി ടി ഘട്ടം നാലുമാസത്തിനകം പൂർത്തിയാക്കുന്നതുമാണ്. പദ്ധതിയുടെ നടത്തിപ്പുകാരായ കേരള സ്റ്റേറ്റ് ഐ. ടി. മിഷൻ സേവനദാതാവിനെ കണ്ടെത്തുവാനുള്ള നടപടികൾ പൂർത്തിയാക്കിയിട്ടില്ല. സേവനദാതാവിനെ കണ്ടെത്തിയതിനുശേഷം ഈ പദ്ധതി നടപ്പിലാക്കുന്നതാണ്.

"ബോട്ടുജട്ടികളുടെ നവീകരണം"

24 (*414) ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. സി. കെ. സദാശിവൻ :
ശ്രീ. എം. കെ. പുരുഷോത്തമൻ :
ശ്രീ. വി. എൻ. വാസവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബോട്ടുജട്ടികളുടെ നവീകരണത്തിനായി പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ ;

(ബി) എത്ര ബോട്ടുജട്ടികൾ നവീകരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത് ; ഇതിനായി എത്ര തുക അനുവദിച്ചിട്ടുണ്ട് ;

(സി) പുതുതായി സ്റ്റേഷൻ ആഫീസ് നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) എങ്കിൽ വിശദാംശം നൽകുമോ ;

(ഇ) മുഹമ്മ സ്റ്റേഷൻ ആഫീസിന്റെ നിർമ്മാണം എന്നത്തേക്ക് ആരംഭിക്കും എന്ന് വെളിപ്പെടുത്തുമോ ;

(എഫ്) ബോട്ടുജട്ടികളിൽ കൂര നിർമ്മിക്കുന്നതിന് പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ജോസ് തെറ്റയിൽ) :

(എ) ബോട്ടുജട്ടികളുടെ പരിഷ്ക്കരണത്തിനായി പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്.

(ബി) പയ്യന്നൂർ മേഖലയിലെ കവ്വായി-മാടയ്ക്കൽ എന്നിവിടങ്ങിളിൽ പുതിയ കോൺക്രീറ്റ് ജട്ടികൾ പണിയുന്നതിന് കണ്ണൂർ ഇൻലാൻഡ് നാവിഗേഷൻ വകുപ്പിന് 14 ലക്ഷം രൂപയും .ആലപ്പുഴ ജില്ലയിലെ മുഹമ്മയിലും പാണാവള്ളിയിലും സ്റ്റേഷൻ ഓഫീസും ജട്ടിയും പണിയുന്നതിന് പി.ഡബ്ല്യു.ഡി./ ഇറിഗേഷൻ വകുപ്പുകൾക്ക് യഥാക്രമം 100 ലക്ഷം, 45 ലക്ഷം രൂപ വീതവും വകുപ്പ് നൽകിയിട്ടുണ്ട്. കൂടാതെ വൈക്കത്തെ ആർ. സി. സി. ജട്ടിയുടെ നിർമ്മാണം പുരോഗമിക്കുന്നു.

(സി&ഡി) സ്വീകരിക്കുന്നതാണ്. ആലപ്പുഴ ജില്ലയിലെ മുഹമ്മയിൽ പി. ഡബ്ല്യു.ഡി. മുഖേന 121 ലക്ഷം രൂപ ചെലവിൽ പണിയാൻ ഉദ്ദേശിക്കുന്ന സ്റ്റേഷൻ ഓഫീസ് കെട്ടിടങ്ങളുടെ നിർമ്മാണത്തിനായി 100 ലക്ഷം രൂപ വകുപ്പ് നിക്ഷേപിച്ചിട്ടുണ്ട്. ടെണ്ടർ നടപടി പൂർത്തിയായി. പാണാവള്ളിയിൽ ഇറിഗേഷൻ വകുപ്പ് മുഖേന പണിയുന്ന സ്റ്റേഷൻ ഓഫീസ് കെട്ടിടത്തിനായി 45 ലക്ഷം രൂപ വകുപ്പ് നിക്ഷേപിച്ചിട്ടുണ്ട്. ടെണ്ടർ നടപടി പുരോഗമിക്കുന്നു. കൂടാതെ കൊല്ലത്ത് പുതുതായി സ്റ്റേഷൻ ഓഫീസ് നിർമ്മിക്കുന്നതിന്റെ പ്രാരംഭ നടപടിയായി കൊല്ലം ഇൻലാൻഡ് നാവിഗേഷൻ വകുപ്പിനോട് എസ്റ്റിമേറ്റ് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഇ) മുഹമ്മ സ്റ്റേഷൻ ആഫീസിന്റെ നിർമ്മാണത്തിനായുള്ള ടെണ്ടർ നടപടി പൂർത്തിയായിട്ടുണ്ട്.

(എഫ്) ഉണ്ട്. ബോട്ട് ജട്ടികളിൽ കൂര നിർമ്മിച്ച് കൂരയിൽ പരസ്യം പതിക്കുന്നതിനുള്ള വർക്ക് ഓർഡർ കമ്മീഷൻ വിളിച്ച് നൽകിയിട്ടുണ്ട്.

ഓപ്പൺ സ്കൂൾ

25 (*415) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :
ശ്രീ. പി. വിശ്വൻ :
ശ്രീ. എം. പ്രകാശൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിലവിലുള്ള ഓപ്പൺ സ്കൂൾ സംവിധാനം വിലയിരുത്തിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly